## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 96** **27.06. 2011-ൽ മറുപടിക്ക്.**

### നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നെടുമങ്ങാട് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടമില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (ബി) ഇതേ പ്രദേശത്ത് പ്രവർത്തിക്കുന്ന ഡി.വൈ.എസ്.പി., സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) & (ബി) ഉണ്ട്. |
| (സി) പ്രസ്തുത ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | : (സി) നെടുമങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ:36-ൽ റീസർവ്വേ നമ്പർ:609/10-ൽപ്പെട്ട 7.20 ആർ സ്ഥലവും പഴയ കെട്ടിടവും നെടുമങ്ങാട് പോലീസ് സ്റ്റേഷൻ, പോലീസ് ഇൻസ്പെക്ടറുടെ ആഫീസ്, ഡി.വൈ.എസ്.പി. ആഫീസ്, തുടങ്ങിയവ കെട്ടാൻ വേണ്ടി പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. അവിടെ |

(മറുപുറം)

| | |
|---|---|
| | പ്രവർത്തിച്ചു വരുന്ന വില്ലേജ് ആഫീസ് പുതിയ സ്ഥലത്തേക്ക് മാറ്റിയശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാകൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പോലീസ് ആധുനികവൽക്കരണ പദ്ധതി പ്രകാരം പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾക്കായി 54.95 ലക്ഷം രൂപ കെ.പി.എച്ച്.സി.സിയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) നെടുമങ്ങാട് പോലീസ് സ്റ്റേഷൻ വിഭജിച്ച് കരകുളം കെൽട്രോൺ ജംഗ്ഷൻ കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻകൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | : (ഡി) ഇത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ